
# ഒരു വിനോദയാത്ര

ടി. ഏ. റപ്പായി

1202

ചിത്രങ്ങൾ
ശങ്കരൻകുട്ടി

KOTTAYAM PUBLIC LIBRARY
KOTTAYAM.



പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.25

(Malayalam)

Oru Vinodayatra

By T. A. RAPPAI

Illustrated by
SANKARANKUTTY

First Published November 1966

Printed at
INDIA PRESS, KOTTAYAM

Price Rs. 1.25

Copyright
Sahitya Pravarthaka C. S. Ltd.

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL
Kottayam Kerala State India

S1866 S1153 (Children's Series 99) 38/66-67 1-4000

# ഒരു വിനോദയാത്ര

1963-ൽ ഞാൻ ഒരു വിനോദയാത്രചെയ്തു. യാത്ര ഒരാഴ്ച നീണ്ടുനിന്നു. ആ യാത്രയെപ്പററി നിങ്ങൾ മനസ്സിലാക്കുന്നതു നന്നായിരിക്കും.

യാത്രയ്ക്കിടയിൽ ഓരോ സ്ഥലത്തുനിന്നു് ഞാൻ എൻെറ മകൾക്കയച്ച കത്തുകൾ താഴെ പകർത്തുന്നു. നിങ്ങളും വായിക്കുക.

മേട്ടൂർ
സെപ്റ്റംബർ 10

എൻെറ വിനോദയാത്രയുടെ വിവരങ്ങൾ അറിയാൻ കുഞ്ഞുമോൾക്കു് ആശയുണ്ടല്ലോ.

എന്തിനാണു വിനോദയാത്ര നടത്തുന്നതു്? കൂട്ടുകാരുമൊത്തു് ആടിപ്പാടി ഉല്ലസിച്ചു പോവുക—അതു തികച്ചും ആനന്ദകരമാണു്. അതോടൊപ്പം അനവധി കാര്യങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുവാനും പഠിക്കുവാനും സാധിക്കും. ഒരു ക്ലാസ്സുമുറിക്കകത്തിരുന്നു് ഒട്ടേറെ പുസ്തകങ്ങൾ വായിച്ചു സമ്പാദിക്കുന്നതിനേക്കാൾ കൂടുതൽ അറിവു് ഒരു സഞ്ചാരംകൊണ്ടു സമ്പാദിക്കാം. അതു വേണ്ടവിധത്തിൽ നടത്തണമെന്നു മാത്രം.

യാത്ര പുറപ്പെടുന്നതിനു മുമ്പു് പല കാര്യങ്ങൾ ചെയ്യേണ്ടതുണ്ടു്. അതൊരു ദീർഘയാത്രയാണെങ്കിൽ പ്രത്യേകിച്ചും. ആവശ്യത്തിനു വേണ്ട വസ്ത്രങ്ങൾ, ശയ്യോപകരണങ്ങൾ ഇവയെല്ലാം ഒരുക്കണം. ഭക്ഷണത്തിനു വേണ്ട ഏർപ്പാടുകളും ചെയ്തിരിക്കണം. യാത്രയ്ക്കിടയിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കഴിയുന്നത്ര ഒഴിവാക്കണമല്ലോ.

യാത്രയിൽ നേതൃത്വം വഹിക്കുന്നവർക്കും വളരെ ചുമതലകൾ ഉണ്ടു്. സന്ദർശിക്കുവാനുള്ള സ്ഥലങ്ങളുടേയും സ്ഥാപനങ്ങളുടേയും രൂപരേഖ നേരത്തെ തയ്യാറാക്കണം. ചില സ്ഥാപനങ്ങൾ സന്ദർശിക്കുവാൻ മുൻകൂട്ടി അനുവാദം വാങ്ങിക്കേണ്ടിവരും. അതു വാങ്ങിച്ചിരിക്കണം. വിനോദയാത്രയിൽ സമയനിഷ്ഠയ്ക്കു വലിയ പ്രാധാന്യമുണ്ടു്. അല്ലെങ്കിൽ വേണ്ടതു വേണ്ടപോലെ കാണുവാൻ സാധിച്ചില്ലെന്നു വരും. ഉദ്ദേശിച്ച പലതും കാണാൻ കഴിഞ്ഞി

ല്ലെന്നുവരും. ചെലവാക്കുന്ന പണത്തിനു പരമാവധി പ്രയോജന മുണ്ടാക്കണമല്ലോ.

പുറപ്പെടുന്നതിനു മൂന്നാഴ്ച മുമ്പ് ഞങ്ങൾക്കു വേണ്ട നിർദ്ദേശ ങ്ങളെല്ലാം തന്നു. ധാരാളം സമയമുണ്ട്. എല്ലാം തയ്യാറായി.

സെപ്റ്റംബർ പത്ത്. ഞങ്ങൾ കാത്തിരുന്ന ദിവസം വന്നെത്തി. ഇന്നാണ്, യാത്ര ആരംഭിക്കുന്നത്. ഇന്നലെത്തന്നെ സകല ഒരുക്കങ്ങളും ചെയ്ത് കെട്ടുകൾ കെട്ടി തയ്യാറായിരിക്കുക യാണ്.

കിഴക്കു വെള്ളപൂശി. ബസ്സ് ഹോസ്റ്റലിന്റെ പടിക്കൽ വന്നു നിന്നു. ഞങ്ങൾ ഉത്സാഹത്തിമപ്പോടെ കെട്ടുകൾ എല്ലാം പെറുക്കിയിട്ട് ബസ്സിൽ കയറി. ബസ്സ് ഏതാനും വാര മുന്നോട്ടു നീങ്ങി. ലേഡീസ്ഹോസ്റ്റലിലെ സഹോദരിമാരും വരുന്നുണ്ട്. ഉടുത്തൊരുങ്ങി വലിയ ഭാണ്ഡക്കെട്ടുകളുമായി വന്ന സഹോദരി മാരുംകൂടിയായപ്പോൾ ബസ്സ് ഏതാണ്ടു നിറഞ്ഞു. ഏതാനും നിമിഷങ്ങൾക്കകം ബസ്സ് കോളേജിന്റെ മുന്നിൽ വന്നു നിന്നു. എല്ലാവരും ഇറങ്ങി.

എവിടെ എപ്പോൾ എത്തുമെന്നും ഏതെല്ലാം സ്ഥാപനങ്ങൾ സന്ദർശിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും മററുമുള്ള യാത്രയുടെ ഏകദേശരൂപം ഞങ്ങൾക്കു നല്കി. ഒരു വിനോദയാത്രയുടെ വിജയ ത്തിനു് ഏററവും അത്യാവശ്യമായിട്ടുള്ളതു് അച്ചടക്കമാണ്. നേതാ വിനെ കണ്ണുമടച്ചു് അനുസരിക്കണം. നമുക്കു താൽപര്യമുള്ളതു കാണുവാൻ കൂടുതൽ സമയം എടുത്താൽ കൂടുതൽ പ്രയോജനമുള്ളതു വിട്ടുകളയേണ്ടിവരും. മാത്രമല്ല, മററുള്ളവക്കു ബുദ്ധിമുട്ടുണ്ടാവു കയും ചെയ്യും.

ആവശ്യമുള്ള എല്ലാ നിർദ്ദേശങ്ങളും തന്നുകഴിഞ്ഞു. ഒട്ടും താമ സിച്ചില്ല. എല്ലാവരും ബസ്സിൽ കയറി. ഞങ്ങളുടെ സംഘത്തിൽ വിദ്യാർത്ഥികളും വിദ്യാർത്ഥിനികളുമായി അമ്പതുപേരുണ്ട്. രണ്ട് അദ്ധ്യാപകരും. ബസ്സ് ഉത്സാഹത്തിൻേറയും സാഹോദര്യത്തി ൻേറയും ആനന്ദത്തിന്റേയും ആഹ്ലാദത്തിന്റേയും ഒരു കൊച്ചുലോക മായി മാറിക്കഴിഞ്ഞിരിക്കുന്നു. ബസ്സ് വിട്ടു. ആക്ഷേപങ്ങളും പരാതി കളോ ബുദ്ധിമുട്ടുകളോ ഇല്ല. ഓരോരുത്തരും മററുള്ളവക്കു കഴിയു ന്നത്ര സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാൻ ശ്രമിക്കുകയാണ്. എല്ലാവക്കും ഇരിക്കുവാനുള്ള സ്ഥലമില്ല. ഒരാൾ കുറച്ചുനേരം



ലാൽബാദ്

ഇരിക്കും. അതു കഴിഞ്ഞു് എഴുന്നേററു് അടുത്തു നില്ക്കുന്ന ആളിനെ ഇരുത്തും.

എല്ലാവരിലും ആനന്ദം തിരതല്ലി. ഭംഗിയായി പാടുവാൻ കഴിയുന്നവർ ഞങ്ങളുടെ കൂട്ടത്തിൽ വളരെയുണ്ടു്. സ്വന്തമായി കവിത നിർമ്മിക്കുവാൻ കഴിയുന്നവരുമുണ്ടു്. ഒരു യുവതി ഒരു കോണിലിരുന്നു് പാടുവാൻ തുടങ്ങി. അവർ രചിച്ച കവിതയാണു്. എല്ലാവരുടേയും ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു. അല്പം കഴിഞ്ഞു. മറെറാരു സഹോദരിയും അവരുടെകൂടെ കൂടി. ആണുങ്ങളും മോശക്കാരല്ല. സ്ത്രീകളുടെ പാട്ടു് അവസാനിച്ചപ്പോൾ ആണുങ്ങൾ താളലയമേളങ്ങളോടെ പാടുവാൻ തുടങ്ങി.

ബസ്സ് അതിവേഗത്തിൽ പായുകയാണു്. ഏതാനും നിമിഷങ്ങൾക്കകം അതു പട്ടണം വിട്ടു ഗ്രാമത്തിലേക്കു പ്രവേശിച്ചു. നിസർഗ്ഗമായ ഗ്രാമീണഭംഗി ആവോളം ആസ്വദിക്കുവാൻ ആ ജമ്മൻയന്ത്രം ഞങ്ങളെ അനുവദിക്കുമോ? ആ മോഹം വേണ്ട. അതു പരക്കംപാഞ്ഞോടുകയാണു്. വൈകുന്നതിനു മുമ്പു് മേട്ടൂർ എത്തണം.

പാലക്കാട്ടുവഴിക്കാണു് ബസ്സ് ഓടുന്നതു്. ഞങ്ങളെ സ്വീകരിക്കുവാനെന്നോണം പൂക്കുലകളുമായി ആഢ്യതയോടെ നില്ക്കുന്ന തേക്കിൻകാടുകൾ, പഴത്തൊലിക്കുന്ന കാലുകളോടെ പിച്ചച്ചിരട്ടയുമായി നില്ക്കുന്ന റബ്ബർമരങ്ങൾ, പച്ചവിരിപ്പു് അണിഞ്ഞ വിസ്തൃതമായ വയൽ—എങ്ങും നയനാനന്ദകരമായ കാഴ്ചകൾ.

ബസ്സ്, ഭാരതപ്പുഴയെ കവച്ചുവച്ചു നില്ക്കുന്ന പാലം കടന്നു. പാലക്കാടായി. മണി പത്തായി. നല്ല വിശപ്പു്. എല്ലാവരും ഇറങ്ങി. കാപ്പി കുടിച്ചതിനുശേഷം വീണ്ടും യാത്രയായി. കറുത്ത റോഡിൻെറ ഇരുപാർശ്വങ്ങളിലും തഴച്ചുനില്ക്കുന്ന കരിമ്പിൻതോട്ടങ്ങളിലും മണിക്കുല താങ്ങി തലതാഴ്ത്തി നില്ക്കുന്ന ചോളവയലുകളിലും കരിനിറം പൂണ്ട സ്ത്രീപുരുഷന്മാരെ കണ്ടു. അവരുടെ ചോര നീരാക്കിയതിൻെറ ഫലമാണു് ഈ വിളകൾ.

വയലുകൾക്കപ്പുറം പശ്ചിമഘട്ടനിരകൾ പൊങ്ങിക്കാണാം. വളയാർ ഡാമിൻെറ ജലദ്രോണി കണ്ടു. ബസ്സു നിറുത്തി. ഒരു ഹ്രസ്വവീക്ഷണം നടത്തി. ഞങ്ങൾ കേരളത്തിൻെറ അതിർത്തി വിടുകയാണു്. അങ്ങുമിങ്ങും രണ്ടു ഗജവീരന്മാർ തുമ്പിക്കൈ ചുരുട്ടിപ്പിടിച്ചു നില്ക്കുന്നതുപോലെ പശ്ചിമഘട്ടത്തിൻെറ രണ്ടു ശിഖരങ്ങൾ റോഡിനിരുവശത്തും നില്ക്കുന്നു. ഇതാണു് പാലക്കാട്ടുചുരം.

1202

ഇതിനു് ഇരുപത്തിയഞ്ചു നാഴിക വീതിയുണ്ടു്. ഇതു സമുദ്രനിരപ്പിൽനിന്നു് ആയിരം അടി ഉയരത്തിൽ കിടക്കുന്നു. മദിരാശിയിലേക്കുള്ള തീവണ്ടിപ്പാത ഈ ചുരത്തിൽക്കൂടിയാണു പോകുന്നതു്. പടിഞ്ഞാറെ കടലിൽനിന്നു പുറപ്പെടുന്ന നീരാവിനിറഞ്ഞ കാർമേഘം ഈ ചുരംവഴി കടന്നു കിഴക്കൻപ്രദേശങ്ങളിൽ മഴ പെയ്യിക്കുന്നു. അതുപോലെതന്നെ നമുക്കു തുലാവർഷം കിട്ടുന്നതും ഈ ചുരത്തിൽക്കൂടി നീരാവി കടന്നുവന്നിട്ടാണു്. വേറേയും പല ചുരങ്ങളും പശ്ചിമഘട്ടത്തിലുണ്ടു്.

മദ്ധ്യാഹ്നത്തോടെ ഞങ്ങൾ കോയമ്പത്തൂരെത്തി. കോയമ്പത്തൂർ ഒരു വ്യാപാരകേന്ദ്രമാണു്. ചൗഡാമൺ കോവിൽ എന്ന ക്ഷേത്രത്തിന്റെ മുമ്പിലാണു് ബസ്സു നിറുത്തിയതു്. ചിത്രകലകൊണ്ടു് അലംകൃതമായ ഒരു ക്ഷേത്രം. ചിലർ ക്ഷേത്രത്തിനകത്തു പോയി ഈശ്വരവന്ദനം നടത്തി.

അവിടുന്നു മുന്നോട്ടു പോകുംതോറും പ്രകൃതിയുടെ മുഖഭാവം ആകെപ്പാടെ മാറിമാറി കാണപ്പെട്ടു. നീണ്ടുനീണ്ടു കിടക്കുന്ന കല്ലും കട്ടയും നിറഞ്ഞ തരിശുനിലങ്ങൾ, വെള്ളം കിട്ടാതെ വരണ്ടുകിടക്കുന്ന ഭൂപ്രദേശങ്ങൾ, അതിർത്തിപ്രദേശത്തെ കാവൽ പടയാളികളെപ്പോലെ തൊപ്പിയണിഞ്ഞു നില്ക്കുന്ന കരിമ്പനക്കാടുകൾ—ഇവയാണു വിദൂരത്തിൽ കാണപ്പെടുന്നതു്. കറുത്ത പട്ടുനാട വിരിച്ചതുപോലെ നീണ്ടു വളഞ്ഞു പോകുന്ന റോഡിന്റെ ഇരുവശങ്ങളിലും നില്ക്കുന്ന പുളിമരങ്ങൾ അവയുടെ ചില്ലകൾകൊണ്ടു നെടുകേ പച്ചിലപ്പന്തൽ ഇട്ടിട്ടുണ്ടു്. ഏതാനും നിമിഷങ്ങൾക്കകം വണ്ടി അവിനാശിയിലെത്തി.

ചൂടുള്ള കാറ്റു് ആഞ്ഞടിക്കുന്നു. എല്ലാവരും തളർന്നു. വഴിക്കു് ഏതാനും സ്ത്രീകൾ ഒരു കിണററിൽനിന്നു വെള്ളം കോരുന്നുണ്ടായിരുന്നു. ഞങ്ങൾ അവിടെ ഇറങ്ങി. സ്നേഹവായ്പോടെ ആ സ്ത്രീകൾ തന്ന വെള്ളം ഞങ്ങൾ കുടിച്ചു. വെള്ളത്തിനു് അല്പംപോലും സ്വാദുണ്ടായിരുന്നില്ല. പിന്നീടു് ഓരോ കപ്പു ചായ കുടിച്ചപ്പോൾ എല്ലാവർക്കും നല്ല ഉന്മേഷം തോന്നി.

നിഴൽ നീണ്ടുതുടങ്ങി. സൂര്യന്റെ ഉഗ്രത കുറഞ്ഞു. ഞങ്ങൾ ഭവാനിനദി കടക്കുകയാണു്. അതാ, ലോവർഭവാനി അണക്കെട്ടു്. നിരവധി കർഷകരുടെ ജീവനാണതു്. അണക്കെട്ടു വരുംമുമ്പു് അവർ വെറും മാനംനോക്കികൾ ആയിരുന്നു. 1520 അടി നീളവും 160 അടി ഉയരവും 121 നാഴിക വെള്ളച്ചാലുകളുമുള്ള ലോവർ



വിധാൻസൗധം

 32924 

ഭവാനി അണക്കെട്ട പട്ടത്തുയത്തിയതോടെ രണ്ടുലക്ഷം ഏക്കർ സ്ഥലത്തു ജലസേചനം സാധിച്ചിരിക്കുന്നു. ആ പ്രദേശം മുഴവനും പച്ചപ്പട്ടപ്പുകളും പവിഴക്കുലകളുമായി മാറിയിരിക്കുകയാണു്. ഇപ്പോൾ അവിടെയുള്ളവർ മഴ കാത്തിരിക്കാതെ കൃഷിചെയ്യുന്നു.

ഭവാനി കാർപ്പെററു് ലോകപ്രസിദ്ധമാണു്. അമേരിക്കൻ മുതലാളിമാക്കു് അവരുടെ വൻമാളികകൾ അലങ്കരിക്കുവാൻ ഈ കൊച്ചുഗ്രാമത്തിൽ നെയ്യുന്ന കാർപ്പെററു വേണം. വൃത്തിഹീനമായ കുടിലുകളിലെ കുഴിത്തറകളിൽ ദരിദ്രഗ്രാമീണർ നെയ്തുണ്ടാക്കുന്ന കാർപ്പെററുകൾ വിദഗ്ധരായ നെയ്ത്തുകാർ മില്ലുകളിൽ ഉണ്ടാക്കുന്നതിനേക്കാൾ ആയിരംമടങ്ങു മനോഹരമാണു്.

ഞങ്ങൾ ലക്ഷ്യസ്ഥാനത്തോട്ടു് അട്ടത്തുതുടങ്ങി. ബസ്സിൻെറ വേഗത കുറഞ്ഞു. രണ്ടു മലകളുടെ ഇടയിൽക്കൂടി പോകുന്ന റോഡിലൂടെ ഞങ്ങൾ മേട്ടൂരിൽ എത്തി. കുന്നിൻമുകളിൽ മനോഹരമായി സ്ഥിതിചെയ്യുന്ന ട്രാവ്‌ലേഴ്സ് ബംഗ്ലാവിൻെറ മുന്നിൽ ബസ്സു നിന്നു. കെട്ടും കിടക്കയും താഴെയിറക്കി. അല്പമൊന്നു വിശ്രമിക്കണം. ടി. ബി.യുടെ പിന്നിൽക്കൂടി ഒഴുകുന്ന നദിയുടെ തീരത്തുകൂടി കുറച്ചുദൂരം നടന്നു് ക്ഷീണം അകററി. അപ്പോഴേക്കും നേരം ഇരുട്ടിക്കഴിഞ്ഞു. വഴിവിളക്കുകളെല്ലാം കണ്ണു തുറന്നു.

മലഞ്ചെരുവിൽക്കൂടി വീണ്ടും അഞ്ചാറുനാഴിക ബസ്സിൽ മേലോട്ടു കയറി. മേട്ടൂർ കെമിക്കൽസും അലുമിനീയം ഫാക്ടറിയും മററുമുള്ള ഒരു കൊച്ചു ടൗണിൽ ഞങ്ങൾ എത്തിയിരിക്കുന്നു. അവിടെനിന്നു് അത്താഴവും കഴിച്ചു മടങ്ങുമ്പോൾ മേട്ടൂർ ടൗൺഷിപ്പിൻ്റെ ഹൃദയം കണ്ടു. ലക്ഷോപലക്ഷം നക്ഷത്രങ്ങൾ വിരിഞ്ഞു നില്ക്കുന്ന നീലാകാശത്തിൻെറ ഒരു ഭാഗം താഴോട്ടു് ഇറങ്ങിവന്നിരിക്കുന്നുവോ എന്നു തോന്നി.

നല്ല തണുപ്പും ക്ഷീണവും. ടി. ബി.യിൽ വന്നു മൂടിപ്പുതച്ചു കിടന്നുറങ്ങി.

## 2

ബാംഗ്ളൂർ

സെപ്റ്റംബർ 11

മേട്ടൂരിൽ ഞങ്ങൾക്കു നല്ല തണുപ്പു തോന്നി. എങ്കിലും നേരത്തെ എഴുന്നേററു പ്രഭാതകർമ്മങ്ങളെല്ലാം കഴിച്ചു യാത്രയ്ക്കു തയ്യാറായി.

മേട്ടൂർ ഡാം കാണാനുള്ള പുറപ്പാടാണ്. ഒമ്പതുമണിക്കു മുമ്പ് ഡാം കണ്ടു മടങ്ങണം. എല്ലാം ഒന്ന് ഓടിനടന്നു കാണുവാനേ സമയമുള്ളു. ഡാമിന് 5200 അടി നീളവും 140 അടി ഉയരവുമുണ്ട്. ഇതു പണിതീർത്തകാലത്ത് ലോകത്തിലെ ഏറ്റവും വലിയ അണകളിൽ രണ്ടാം സ്ഥാനം ഇതിനുണ്ടായിരുന്നു. ഡാമിൻെറ മുകളിൽക്കൂടി പോകുന്ന റോഡിൽക്കൂടി ഞങ്ങൾ ആത്ത്ഉല്ലസിച്ച് ഓടിനടന്നു. ഇളംവെയിൽ ഉത്തേജനം നല്കി. ഒരു ഭാഗത്തു മഹാസമുദ്രംപോലെ വെള്ളം. മറുഭാഗത്തു മനോഹരമായ പൂങ്കാവനം. തോട്ടത്തിൽ പൂച്ചെടികൾക്കു പുറമേ, തെങ്ങും മാവും ചുറ്റിലും നിരനിരയായി വച്ചുപിടിപ്പിച്ചിട്ടുണ്ട്. തെങ്ങിൽ ഒററ നാളികേരംപോലും കണ്ടില്ല.

ഒരുവിധത്തിൽ ഓടിക്കിതച്ചു ഡാമിൻെറ അററത്തെത്തി. കുറേപ്പേർ വഴിക്കുവച്ചു മടങ്ങി. അവിടെ കണ്ട കാഴ്ച അവണ്ണനീയം തന്നെ. നാലു് ഓവുമാർഗ്ഗങ്ങളിൽക്കൂടി വെള്ളം അതിശക്തിയായി കുതിച്ചുപായുന്നു. ഓരോന്നിൽക്കൂടിയും പായുന്ന വെള്ളത്തിന് 295 ടൺ പ്രഷർ ഉണ്ടു്. 12 ടൺ ഘനവും. ജലം പല പതനങ്ങളായിട്ടാണ് ഒഴുകുന്നതു്. ആദ്യത്തെ പതനം മുത്തുമണികൾ ആകാശത്തിലേക്കു വാരി വിതറുകയാണ്. അതു പൊൽക്കുടകളായി രൂപാന്തരപ്പെട്ടു് മടങ്ങിവരുന്നു. രണ്ടാമത്തേതു ജലം മേലോട്ടു് ഒഴുകുന്നതിൻെറ പ്രതീതി ഉളവാക്കും. മൂന്നാമത്തെ പതനം എൻെറ ഹൃദയാന്തരാളത്തിൽ മായാത്ത മുദ്ര പതിപ്പിച്ചു. മണിക്കൂറുകൾ നോക്കിനിന്നാലും മടുപ്പു തോന്നുകയില്ല. അളന്നു തിട്ടപ്പെടുത്തിയിട്ടില്ലാത്ത കസവു വച്ച പച്ചവില്ലൂസ് അങ്ങനെ മന്ദം മന്ദമായി ചലിക്കുന്നു. അധികനേരം നോക്കിനില്ക്കാൻ പററുകയില്ല. വിസിലടി കേട്ടു. നിന്നിടത്തുനിന്നു പൂന്തോട്ടത്തെ ഒന്നു നോക്കി. ജലധാരായന്ത്രങ്ങൾ വളരെ ഉണ്ടു്. നല്ല ദാഹം. ഒരു പൈപ്പിൽനിന്നു കുറച്ചു വെള്ളം കുടിച്ചു. ദാഹം ശമിച്ചില്ല; ശമിക്കുകയുമില്ല.

നേരെ ബാംഗ്ളൂർക്കാണ് അടുത്ത യാത്ര. 126 നാഴികയോളം ദൂരമുണ്ടു്. ബസ്സിലിരുന്നു നാലു പുറവും നോക്കിയാൽ ചിന്നിച്ചിതറി കിടക്കുന്ന പാറക്കെട്ടുകൾ മാത്രമേ കാണാനുള്ളൂ. അവിടെയെങ്ങും മനുഷ്യവാസമുള്ളതായിപ്പോലും തോന്നുന്നില്ല. പ്രശസ്താതിഥികളുടെ എതിരേല്പിനായി റോഡിൻെറ ഇരുഭാഗങ്ങളിലും പുളിമരങ്ങൾ നിരനിരയായി നില്പുണ്ടു്.

കുറച്ചുദൂരംകൂടി മുന്നോട്ടു പോയി. അതിവിസ്തൃതമായ ഒരു കരിമ്പിൻതോട്ടം. ഇളങ്കാറ്റിൽ ചാഞ്ചാടി നില്ക്കുന്ന കരിമ്പിൻ തൈകൾക്കു ദൃഷ്ടിദോഷമേല്ക്കാതിരിക്കുവാൻ പേടി കുത്തിയിരിക്കു ന്നതു കണ്ടു.

ധർമ്മപുരിയോടടുക്കുന്തോറും മൊട്ടക്കുന്നുകൾക്കു പകരം കതിർ മുററിനില്ക്കുന്ന ചോളവയലുകൾ കണ്ടുതുടങ്ങി. ഉൾനാടൻകൃഷകർ അധ്വാനശീലരാണ്. അവർ രക്തം വിയർപ്പാക്കിയതിൻെറ ഫല മായി ആ പ്രദേശം മുഴുവൻ ഹരിതാഭയണിഞ്ഞു നില്ക്കുന്നു.

ഞങ്ങൾ കൃഷ്ണഗിരിയിൽ എത്തി. തുന്നിയെടുത്ത ഉണക്കവെട്ട യിലയിലെ ഊണ് ഞങ്ങൾക്ക് ഒരു പുതുമയായിരുന്നു. അധികം വിശ്രമിക്കുവാൻ സമയമില്ല. യാത്ര തുടന്നു.

ഹൊസൂർ കന്നുകാലിവളത്തൽകേന്ദ്രത്തിന്റെ മുമ്പിൽ ബസ്സ് നിന്നു. തടിച്ചുകൊഴുത്ത നിരവധി പശുക്കളെ ഇവിടെ കെട്ടി യിട്ടിട്ടുണ്ട്. കുറെ എണ്ണത്തെ പുറത്തേക്കു കൊണ്ടുപോയിട്ടുണ്ടത്രെ. ആറും എട്ടും പശുക്കുട്ടികളെ ഒന്നിച്ച് ഒരു മുറിക്കകത്ത് ആക്കി യിരിക്കുകയാണ്. കറക്കുന്നതിനുവേണ്ടി കന്നുകുട്ടികളെ ഒന്നിച്ച് അഴിച്ചുവിടും. ഓരോ കുട്ടിയും അതിൻെറ തള്ളയെ പ്രത്യേകം തിരഞ്ഞുപിടിച്ചു പാലുകുടിക്കുമത്രെ. അത്ഭുതം! മുറിക്കകത്തു രാസ വസ്തുനിർമ്മിതമായ ഒരു ഇഷ്ടിക കെട്ടിത്തൂക്കിയിട്ടിട്ടുണ്ട്. അതിന്മേൽ നക്കിയാൽ പശുക്കുട്ടികൾക്കു മണ്ണു തിന്നുന്ന രോഗം ഉണ്ടാവുകയില്ല.

മണി മൂന്നരയായി. ഞങ്ങൾ മൈസൂർ സ്റ്റേററിന്റെ പ്രവേശന ദ്വാരം കടക്കുകയാണ്. ഗോദാവരിമുതൽ കാവേരിവരെ വ്യാപിച്ചു കിടന്നിരുന്ന പഴയ കൊച്ചു പ്രദേശമല്ല ഇന്നത്തെ മൈസൂർ. 1956 നവംബർ 1-ാംനു രൂപംകൊണ്ട ഭാഷാസംസ്ഥാനം മൈസൂറിൻെറ വിസ്തൃതി വളരെ വർദ്ധിപ്പിച്ചു. ബോംബെ സംസ്ഥാനത്തിന്റെ കുറെ ഭാഗം, മദ്രാസിൽനിന്നു തെക്കൻ കണ്ണാ ടകജില്ലയുടെ വലിയൊരു ഭാഗം, ഹൈദ്രബാദിൽനിന്നു നാലു ജില്ലകൾ, കുടക്, ഇത്രയും മൈസൂറിനു ലഭിച്ചു. അതോടെ 200 നാഴികയോളം കടലോരവും കിട്ടി. തേക്കും ചന്ദനവും കരിമ്പും കപ്പൽമുളകും മററും കയററി അയയ്ക്കുവാൻ തുറമുഖസൗകര്യം ഇല്ലാതെ വീർപ്പുമുട്ടിയിരുന്ന മൈസൂറിൻെറ ശുക്രദശ ഭാഷാസം സ്ഥാനരൂപീകരണത്തോടെ തെളിഞ്ഞു.

ഞങ്ങൾ ഗ്രാമപ്രദേശത്തുകൂടിയാണു യാത്രചെയ്യുന്നത്.

പരിഷ്ക്കാരത്തിൻേറയും വെളിച്ചത്തിൻേറയും ചെമ്പുകമ്പികൾ വീതികൂടിയ കരിങ്കൽത്തൂണുകളെ തുളച്ചു പോകുന്നു. ചെറിയ കാലുകൾ നാട്ടി കമ്പിവലയിട്ട് അതിന്മേൽ അള്ളിപ്പിടിച്ച് പടന്നു പന്തലിച്ചു കിടക്കുന്ന മുന്തിരി, പവിഴമണിക്കുലകൾ താങ്ങി നില്ക്കുന്ന ചോളവയലുകൾ, കഠിനാദ്ധ്വാനം ചെയ്യുന്ന കൃഷകൻെറ ഹൃദയം പറിച്ചു നട്ടതുപോലെ നിരന്നു നില്ക്കുന്ന കാബേജ്—എല്ലാം ചേതോഹരമായ കാഴ്ചകൾ.

സുപ്രസിദ്ധമായ ലാൽബാഗ് എന്ന തോട്ടത്തിൻെറ മുന്നിൽ ബസ്സ് വന്നു നിന്നു. നല്ല ചാററൽമഴയുണ്ട്. ഞങ്ങൾ അതൊന്നും കൂട്ടാക്കിയില്ല. നടവഴിയുടെ ഇരുപാർശ്വങ്ങളിലും പൂച്ചെണ്ടുമായി തലയാട്ടി നിന്നു സ്വാഗതമരുളുന്ന പച്ചിലസുന്ദരികളുടെ മോഹന നൃത്തം കാണുവാൻ ഞങ്ങളുടെ കണ്ണുകൾ വെമ്പൽകൊണ്ടു. പൂത്തുലഞ്ഞു കിടക്കുന്ന പച്ചിലക്കാടുകൾ, പട്ടുകുട പിടിച്ചു നില്ക്കുന്ന പട്ടുകുററൻ വൃക്ഷങ്ങൾ, ചുണ്ടിൽ ചെറുപുഞ്ചിരിയുമായി ചാഞ്ചാടി നില്ക്കുന്ന ചെറുചെടികൾ, ചന്തമിയന്ന മുന്തിരിപ്പന്തലുകൾ, മുത്തുമണികൾ വാരിവിതറിക്കൊണ്ടു നില്ക്കുന്ന ജലയന്ത്രങ്ങൾ—അധികം വർണ്ണിക്കുന്നില്ല—വർണ്ണങ്ങൾ, ചലനങ്ങൾ, ശബ്ദങ്ങൾ ഇവയുടെ സമ്മോഹനസമ്മേളനം. സായാഹ്നത്തിൽ ലാൽബാഗ് കാണേണ്ടതുതന്നെ.

ഹൈദരാലിയുടെ പ്രാഭവകാലത്തു വച്ചുപിടിപ്പിച്ചതാണ്, സസ്യശാസ്ത്രവിദ്യാർത്ഥികൾക്കു പ്രത്യേക കൗതുകം നല്കുന്ന ഈ ബോട്ടാനിക്കൽ ഗാർഡൻ. 1760-ൽ ഇതിൻെറ വിസ്തീർണ്ണം 40 ഏക്കർ ആയിരുന്നു. 1865-ൽ 95 ഏക്കറായി വർദ്ധിപ്പിച്ചു. 1950-ൽ 105 ഏക്കറായി. ഇപ്പോൾ 240 ഏക്കറിൽ അതു നിറഞ്ഞുനില്ക്കുന്നു.

ലാൽബാഗ് കുട്ടികൾക്കു വിഹാരരംഗമാണ്; വിദ്യാർത്ഥികൾക്ക് പഠനകേന്ദ്രമാണ്; പ്രായമായവർക്കു സമയംപോക്കുന്നതിനുള്ള സ്ഥലമാണ്; തലമൂത്ത നേതാക്കന്മാർക്കു ചൂടുപിടിച്ച പ്രശ്നങ്ങൾ ചർച്ചചെയ്യുവാനുള്ള സമ്മേളനരംഗമാണ്.

നേരം സന്ധ്യയോടടുത്തു. ഞങ്ങൾ മടങ്ങുകയാണ്. ഇന്നു താമസിക്കുന്നതു് 'ഭാരത് സ്കൗട്ട്സ് ഹെഡ്ക്വാർട്ടേഴ്സി'ൽ ആണ്.

1202



ചാമുണ്ഡേശ്വരിക്ഷേത്രം

ബാംഗ്ളൂർ

സെപ്റ്റംബർ 12

ഇന്നു ഞങ്ങൾക്കു തിരക്കിട്ട പരിപാടിയാണ്. മൈസൂർ സ്റ്റേററിൻെറ ഹൃദയമായ ബാംഗ്ളൂരിന്റെ അഭിവൃദ്ധിയുടെ ചലനങ്ങൾ കാണണം. നേരത്തെ എഴുന്നേററു. ഒന്നു കുളിക്കണം. നല്ല തണുപ്പ്. 20 പൈസ കൊടുത്താൽ ചൂടുവെള്ളം കിട്ടും. പോയി സുഖമായി കുളിച്ചു. എല്ലാം പെട്ടെന്നു തയ്യാറായി.

ഇന്നലെവരെ 'പെൻഷൻകാരുടെ സ്വർഗ്ഗം' എന്ന് അറിയപ്പെട്ടിരുന്ന ബാംഗ്ളൂർ ഇന്നു വ്യവസായസ്ഥാപനങ്ങളുടെ തേനീച്ചക്കൂടായി മാറിയിരിക്കുന്നു. ഇന്ത്യയുടെ വ്യവസായഭൂപടത്തിൽ സുപ്രധാനമായ ഒരു സ്ഥാനം ബാംഗ്ളൂരിനുണ്ട്. പൊതുമേഖലയിൽ ഹിന്ദുസ്ഥാൻ എയർ ക്രാഫ്ട് ലിമിററഡ്, ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ്ഫാക്ടറി, ഇന്ത്യൻ ടെലഫോൺ ഇൻഡസ്ട്രീസ്, ഭാരത് ഇലക്ട്രോണിക്സ് എന്നിങ്ങനെ പല പടുകൂററൻ വ്യവസായസ്ഥാപനങ്ങളുണ്ട്. മൈസൂർ ഗവമ്മേണ്ട് സോപ്പു ഫാക്ടറി, പോഴ്സ്ലൈൻ ഫാക്ടറി മുതലായി പലതും വേറെയുമുണ്ട്. ഹിന്ദുസ്ഥാൻ എയർ ക്രാഫ്ട് കാണുവാനാണു ഞങ്ങൾ ആദ്യം പോയതു്. രണ്ടാം ലോകമഹായുദ്ധകാലത്ത് വാൾചന്ദ് ഹിരാചന്ദ് എന്ന വ്യവസായപ്രമുഖൻ അമേരിക്കൻസഹായത്തോടെ തുടങ്ങിയ സ്ഥാപനം വളന്നു പന്തലിച്ചതാണ് ഇന്നത്തെ എച്ച്. ഏ. എൽ. ഇതിൻെറ ശാഖയാണ് ഏറോ എഞ്ചിൻ ഫാക്ടറിയും റെയിൽവേ കോച്ച് ഫാക്ടറിയും.

ഒമ്പതരമണിക്കു ഞങ്ങൾ ഹിന്ദുസ്ഥാൻ എയർ ക്രാഫ്ടിൽ എത്തി. ഞങ്ങളെ മൂന്നുവരിയായി നിറുത്തി. കൈവശമുണ്ടായിരുന്ന ക്യാമറ, ബാഗ് തുടങ്ങിയവ അവിടെ വാങ്ങിച്ചുവച്ചു. ഗൈഡ് മുന്നിലും ഞങ്ങൾ പിന്നിലുമായി നടന്നു. അതിസൂക്ഷ്മങ്ങളായ സ്പെയർപാട്ട്സുകളുണ്ടാക്കുന്ന ഹാളിൽക്കൂടിയാണു കടന്നുപോയതു്. വിവിധഭാഗങ്ങൾ കൂട്ടിയിണക്കുന്നിടത്തു് എത്തി. അവിടെ വിശാലമായ ഒരു മൈതാനം ഉണ്ടു്. ഇന്ത്യൻ എയർ ഫോഴ്സിൽ പരിശീലനം നല്കുവാൻ ഉപയോഗിക്കുന്നതും രണ്ടുപേക്ക് ഇരിക്കാവുന്നതുമായ 'പുഷ്പക'വിമാനം ഞങ്ങളുടെ അടുക്കലേക്കു പറന്നുവന്നു. അതിലെ വ്യോമയാനവിദഗ്ദ്ധൻ അതിൻെറ പ്രവത്തനം ഞങ്ങൾക്കു വിവരിച്ചുതന്നു.

ഡോക്ടർ കത്തു തങ്ങ് എന്ന ജമ്മൻ എഞ്ചിനീയർ ഡിസൈൻ

ചെയ്തതും ഈ ഫാക്ടറിയിൽ പണിതീർത്തതുമായ സൂപ്പർസോണിക്ക് ഫൈറ്റർ ആദ്യമായി നമ്മുടെ അന്തരീക്ഷത്തിൽ പറന്നതു് 1961 ജൂൺ 24-ാം തീയതിയാണു്. ഇന്ത്യയുടെ വ്യവസായചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനംചെയ്യപ്പെടേണ്ട ഒരു സുദിനമാണു് അതു്. കാരണം, ഏഷ്യയിൽ ഇത്തരത്തിലുള്ള ഒരു നേട്ടം ഇന്ത്യയ്ക്കു മാത്രമേ സിദ്ധിച്ചിട്ടുള്ളു.

പന്ത്രണ്ടുമണിയോടുകൂടി ഞങ്ങൾ റെയിൽവേ കോച്ച് ഫാക്ടറിയിൽ എത്തി. കനത്ത ഇരുമ്പുപാളികൾ യന്ത്രസഹായത്തോടെ നിഷ്പ്രയാസം വളയ്ക്കുകയും മുറിക്കുകയും തുളയ്ക്കുകയും മററും ചെയ്യുന്നതു് അത്ഭുതകരംതന്നെ. ഉരുക്കുചക്രങ്ങൾ കൂട്ടിയുരുമ്മുന്ന ഘലഘലശബ്ദം കണ്ണകഠോരമാണു്. ഭാരമേറിയ സാധനങ്ങളുംകൊണ്ടു് എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കുന്ന ക്രെയിനുകൾ, സൂക്ഷിച്ചു നടന്നില്ലെങ്കിൽ തലയ്ക്കു വന്നടിക്കും. ഈ വ്യവസായശാലയിൽനിന്നു രണ്ടായിരത്തിൽപ്പരം കോച്ചുകൾ ഇന്ത്യൻ റെയിൽവേക്കു കിട്ടിക്കഴിഞ്ഞു. ഇപ്പോൾ ആധുനികങ്ങളായ സകലവിധ സജ്ജീകരണങ്ങളോടുംകൂടിയ ഓരോ കോച്ച് പ്രതിദിനം പണിതീൎന്നു പുറത്തുവരുന്നു. ഈ ഫാക്ടറിയിൽ പതിനെണ്ണായിരത്തോളം തൊഴിലാളികൾ ഉണ്ടെന്നു പറയുമ്പോൾ ഇതിൻെറ വലുപ്പം ഏറക്കുറെ ഊഹിക്കാമല്ലോ. മലയാളികളായ നിരവധി യുവാക്കൾ ഈ ഫാക്ടറിയിൽ ജോലിചെയ്യുന്നുണ്ടു്.

ഉച്ചതിരിഞ്ഞു് എവിടേയും പോയി സന്ദശിക്കുന്നതിനുള്ള അനുവാദം ഞങ്ങൾക്കു തന്നിരുന്നു. ഞങ്ങൾ പല ബാച്ചുകളായി തിരിഞ്ഞു. ഞങ്ങളുടെ ബാച്ചു് ആദ്യമായി സന്ദശിച്ചതു് മാക്കററാണു്. നീണ്ട നിരവധി സ്റ്റാളുകൾ; ഓരോ സ്റ്റാളിലും പ്രത്യേകം പ്രത്യേകം വസ്തുക്കൾ വില്ക്കപ്പെടുന്നു. ഒരു ഭാഗത്തു് സുന്ദരപുഷ്പങ്ങൾ വെള്ളിനാരിഴകളിൽ മനോഹരമായി കോത്തുണ്ടാക്കിയിട്ടുള്ള വിവിധതരത്തിലുള്ള പൂമാലകൾ നിരനിരയായി കിടന്നാടുന്നു. പതിനഞ്ചും ഇരുപതും രൂപ വിലയുള്ളതു് അക്കൂട്ടത്തിലുണ്ടു്. ചിലപ്പോൾ അതിലും കൂടും. മറെറാരു ഭാഗത്തു പച്ചയും പഴത്തതുമായ മുന്തിരിക്കുലകൾ മനോഹരമായി അടുക്കടുക്കായി വച്ചിരിക്കുന്നു. വിവിധ വണ്ണത്തിലും വലുപ്പത്തിലുമുള്ള മാമ്പഴങ്ങൾ കുന്നുകുന്നായി കിടക്കുന്നു. നമ്മുടെ നാട്ടിൽ അപൂർവ്വമായി മാത്രം കാണപ്പെടുന്ന വിവിധതരം പച്ചക്കറിസാധനങ്ങൾ ഇവിടെ വില്ക്കുന്നുണ്ടു്. ഇവിടെ കച്ചവടത്തിനു സ്ത്രീകൾ പിന്നോ

ക്കമെല്ല. ഒരുപക്ഷേ, പുരുഷന്മാരേക്കാൾ ധീരതയും ശൂരതയും കാര്യശേഷിയും സ്ത്രീകൾക്കായിരിക്കും.

ഞങ്ങൾക്കു വിധാൻസൗധം കാണണം. മൈസൂർ സ്റ്റേററ് അസംബ്ലി കൂടുന്ന കെട്ടിടമാണ് വിധാൻസൗധം. അഞ്ചുമണിക്കു ശേഷമേ കാണുവാൻ അനുവാദമുള്ളു. അസംബ്ലി നടന്നുകൊണ്ടിരിക്കുകയാണ്. അതിനിടയ്ക്കു കാഴ്ചബംഗ്ലാവ് ഒന്ന് ഓടിനടന്നു കണ്ടു. പുരാതനവസ്തുക്കളുടെ വിപുലമായ ഒരു ശേഖരം അവിടെയുണ്ട്.

വീണ്ടും വിധാൻസൗധത്തിലേക്കു വന്നു. അസംബ്ലി പിരിഞ്ഞിട്ടില്ല. ഒരു മനുഷ്യൻ അസംബ്ലിഹാളിൽനിന്നു വളരെ ബദ്ധപ്പെട്ടു പുറത്തേക്കു വന്നു. ഞങ്ങൾ കേരളീയരാണെന്നും അസംബ്ലിഹാൾ കാണുവാൻ വന്നതാണെന്നും ഞങ്ങൾ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം ഉടനെ അഞ്ചു കാർഡുകൾ തന്ന് ഉടനെ പൂരിപ്പിച്ച് അകത്തു കടന്നുകൊള്ളുവാൻ നിർദ്ദേശിച്ചു. അദ്ദേഹം ഒരു അസംബ്ലി മെമ്പറാണത്രെ.

സന്ദർശകഗാലറിയിലിരുന്നു ഞാൻ ചുററിലുമൊന്നു കണ്ണോടിച്ചു. ദ്രാവിഡീയൻ വാസ്തുശില്പത്തിൻെറ മനോഹര മാതൃകയാണ് ഈ സൗധം. കലാഭംഗി തികഞ്ഞ ഈ അഞ്ചുനിലസൗധത്തിൻെറ നിർമ്മാണച്ചെലവു രണ്ടരക്കോടി രൂപയിലധികം വരും. ഇന്ത്യയിലെ ഏററവും നല്ല നിയമസഭാമന്ദിരങ്ങളിൽ ഒന്നാണത്രെ ഇതു്. മൈസൂർ ഗവമ്മെണ്ടുവക മിക്ക ഓഫീസുകളും ഇതിലാണു നടത്തുന്നതു്. പല ഓഫീസുകളിലേയും പ്രവത്തനം ഞാൻ ചുററിനടന്നു കണ്ടു. എന്തൊരു ഏകാഗ്രത! എന്തൊരു കാര്യക്ഷമത! ഓഫീസർമാർ യഥാത്ഥ ജനദാസന്മാരായി വത്തിക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതയും ആത്മാത്ഥതയും ജനങ്ങളുടെ സഹകരണവും ഒത്തിണങ്ങിയാൽ ഏതു സംസ്ഥാനവും പുരോഗതിയിൽനിന്നു പുരോഗതിയിലേക്കു കുതിച്ചുപായും. അതാണ് ഇന്നു മൈസൂർസ്റ്റേററിൽ കാണുന്നതു്. സൗധത്തിന്റെ ചുറ്റിലും മലരണിക്കാടുകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടു്.

നേരം ഇരുട്ടിത്തുടങ്ങി. ജനസഞ്ചാരം വദ്ധിച്ചുവരികയാണ്. റോഡു തിങ്ങി യുവതികളും യുവാക്കളും വൃദ്ധന്മാരും വൃദ്ധകളും അങ്ങോട്ടുമിങ്ങോട്ടും വരികയും പോകയും ചെയ്യുന്നു. ഇവർ എങ്ങോട്ടു പോകുന്നു? എവിടെനിന്നു വരുന്നു?

ഞങ്ങൾ ഭാരത് സ്കൗട്ട്സ് കചാർട്ടേഴ്സിൽത്തന്നെയാണ് ഇന്നും താമസിക്കുന്നതു്.

1202



നന്ദി

മൈസൂർ
സെപ്റ്റംബർ 13

ബാംഗ്ളൂരിൽ കാണേണ്ടതും പഠിക്കേണ്ടതുമായി ഇനിയും പലതുമുണ്ടു്. പക്ഷേ, സമയമില്ല. ഞങ്ങൾ മൈസൂറിലേക്കു് പോവുകയാണു്. ബാംഗ്ളൂരിൽനിന്നു മൈസൂറിലേക്കു് 86 നാഴിക ദൂരമുണ്ടു്.

വീതി കൂടിയ കോൺക്രീററു റോഡിൽക്കൂടി ഞങ്ങളുടെ വാഹനം നിലംതൊടാതെ പറക്കുകയാണു്. റോഡിന്റെ ഒരരുകിൽ ഒരു കുരങ്ങൻ ഇളംവെയിലുംകൊണ്ടു് സുഖമായിരുന്നു് പേൻ നോക്കുന്നു. ഒന്നല്ല, രണ്ടല്ല, അനവധി. തിങ്ങിവളർന്നുനില്ക്കുന്ന ചൂളമരത്തിന്മേൽ അവർ വാൽ ചുറ്റി ഊഞ്ഞാലാടുന്നതു കാണുവാൻ എന്തൊരു ചന്തം! ബസ്സു നിറുത്തി. ഒരു ഫോട്ടോയെടുക്കണം. ഒരുത്തൻ ശരിക്കു് ഇരുന്നുകൊടുത്തു.

യാത്ര തുടർന്നു. ചെന്നപ്പട്ടണത്തിൽ എത്തി. അവിടെ കൗതുകവസ്തുക്കൾ വില്ക്കുന്ന ഒരു സ്റ്റാൾ കണ്ടു. കരകൗശലത്തിന്റെ കൈവിരുതു വിളിച്ചറിയിക്കുന്ന ഒരു കലാകേന്ദ്രം. പ്രകൃതിയിലെ വസ്തുക്കൾ അതേപടി മരത്തിലേക്കു പകർത്തിയിരിക്കുകയാണു്. കോഴിമുട്ട, പറങ്കിമാങ്ങ, മാമ്പഴം തുടങ്ങിയവയെല്ലാം അതേപടി ഉണ്ടാക്കിവച്ചിരിക്കുന്നു. അവരുടെ ചായപ്പണിയുടെ വിശേഷം പറഞ്ഞറിയിക്കുക പ്രയാസമാണു്. ഇവിടെനിന്നു് എല്ലാവരും ഓരോ സാധനങ്ങൾ വാങ്ങിച്ചു.

ബസ്സ് കുതിച്ചുപായുകയാണു്. യൂക്കാലിമരങ്ങളുടെ സുഗന്ധം പേറിക്കൊണ്ടു വരുന്ന മന്ദമാരുതൻ ഞങ്ങൾക്കു സ്വാഗതമരുളി. മാൺഡ്യ പഞ്ചസാരഫാക്ടറിയാണു ഞങ്ങളുടെ ലക്ഷ്യം. അന്തരീക്ഷത്തിൽ ശർക്കരയുടെ ഗന്ധം അനുഭവപ്പെട്ടു. കാണാനും പഠിക്കാനും പലതുമുണ്ടിവിടെ. ഒരു തട്ടിന്മേൽ കരിമ്പു് അട്ടക്കട്ടക്കായി നിരത്തിവച്ചിരിക്കുന്നു. അതു് അല്പാല്പമായി മുന്നോട്ടു നീങ്ങും. ഒരു യന്ത്രം അതു ഞെക്കിപ്പിഴിഞ്ഞു ചാറെടുക്കും. ചാറു് ഒരു ചാലിൽക്കൂടി മററു യന്ത്രങ്ങളിലേക്കു പോകും. ചണ്ടി പിന്നേയും പല മർദ്ദനങ്ങൾക്കുശേഷം പുറത്തേക്കു തള്ളപ്പെടും. പുറത്തേക്കു തള്ളപ്പെടുന്ന ചണ്ടി ഉപയോഗശൂന്യമാണെന്നു ധരിക്കേണ്ട. അതു പിന്നീടു് കടലാസ്സായി വരും. മാൺഡ്യകടലാസ് വളരെ പ്രസിദ്ധമാണു്.

കരിമ്പിൻനീരു് തിരിഞ്ഞുകൊണ്ടിരിക്കുന്ന പല യന്ത്രങ്ങളിൽക്കൂടി കടന്നു് പല രാസപ്രക്രിയകൾക്കും വിധേയമായി അവസാനം തൂവെള്ളപ്പുഞ്ചിരിയോടെ പഞ്ചസാരയായി പുറത്തു വരുന്നു, നമ്മുടെ കാപ്പിയിലിടാൻ പാകത്തിനു്. ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന പഞ്ചസാരയിൽ ഏററവും ഗുണമേറിയതു മാൺഡ്യപഞ്ചസാരയാണത്രെ.

ശ്രീരംഗപട്ടണത്തിലേക്കാണു് അടുത്ത പരിപാടി. ഭാരതവും ഭാരതീയരും ഉള്ളിടത്തോളം കാലം ചരിത്രത്തിൻെറ താളുകളിൽ മിന്നി പ്രകാശിക്കുന്ന ഒരു ദ്വീപാണു് ശ്രീരംഗപട്ടണം. ഇതിന്റെ നാലുപുറത്തുക്കൂടിയും ഒരു നദി ഒഴുകുന്നുണ്ടു്. കാവേരിനദിയുടെ ഒരു പോഷകനദിയാണു് അതു്. ഹൈദർരാജവംശത്തിൻെറ തകർച്ചയുടെ കരളലിയിക്കുന്ന കഥ പറയുന്ന നിരവധി സ്മാരകങ്ങൾ ഇവിടെ കാണാം. ചുററിലുമുള്ള മിക്കവാറും തകന്ന കോട്ടയ്ക്കു ചില സ്ഥലങ്ങളിൽ. 120 അടിവരെ ഉയരമുണ്ടു്. ഇരുപതു വത്സരങ്ങളിലേറെ ബ്രിട്ടീഷ്അധികാരത്തോടു ധീരമായി പോരാടിയ ടിപ്പുവിന്റെ പടപ്പാളയമായിരുന്ന സ്ഥലത്തു ഞങ്ങൾ ഇറങ്ങി. ഞാൻ ചരിത്രത്തിൽ ടിപ്പുവിനെപ്പററി പഠിച്ചിട്ടുള്ളതെല്ലാം മിന്നൽപ്പിണർപോലെ എൻെറ മനസ്സിൽക്കൂടി കടന്നുപോയി. “ടിപ്പുസുൽത്താന്റെ ശരീരം ഇവിടെ കാണപ്പെട്ടു” എന്നു് എഴുതിവച്ചിരിക്കുന്ന ബോർഡു് കണ്ടു. അതു കണ്ടപ്പോൾ ഞാനറിയാതെ എൻെറ ശിരസ്സു കുനിഞ്ഞു. മാതൃഭൂമിക്കുവേണ്ടി ജീവാർപ്പണം ചെയ്ത ഒരു രക്തസാക്ഷി! ഇന്നു് ഈ സ്ഥലം കേന്ദ്രഗവമ്മേണ്ടിന്റെ ‘പുരാതന വസ്തുഗവേഷണവകുപ്പി’ൻെറ കീഴിലാണു്.

‘മസ്ജിദ്–ഇ–ആല’ എന്ന ദേവാലയം ഞങ്ങൾ സന്ദർശിച്ചു. ഈ ദേവാലയം ടിപ്പുസുൽത്താൻ പണിയിച്ചതാണെന്നു പറയപ്പെടുന്നു. ദേവാലയത്തിനു രണ്ടു ഗംഭീരകുംഭഗോപുരങ്ങൾ ഉണ്ടു്. അതിനു പിച്ചളകൊണ്ടുള്ള താഴികക്കുടങ്ങളും. ഞങ്ങൾ ഗോപുരത്തിൻെറ ഉള്ളിൽ കടന്നു് മേലോട്ടു കയറി. ഒരാൾക്കു മാത്രം നടക്കാവുന്ന വിസ്താരമേ കോവണിപ്പടികൾക്കുള്ളു. ആറു തട്ടുകളും രണ്ടു പടികളും. എല്ലാംകൂടി 126 പടികൾ ഉണ്ടു്. എണ്ണത്തിൽ തെററു പററിയിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. എതായാലും നല്ല ഉയരമുണ്ടു് എന്നു മാത്രം ധരിച്ചാൽ മതി. മുകളിൽ ചെന്നെത്തിയതിനുശേഷം ഒരു കൊച്ചുപഴുതിൽക്കൂടി പുറത്തേക്കു കടന്നു. ചുറ്റും

ഒരു വാരാന്തയുണ്ട്. അതിൽ നിന്നു നോക്കിയാൽ ശ്രീരംഗപട്ടണത്തിൻെറ ഏകദേശരൂപം ലഭിക്കും.

'ദാരിയ ഡോൾട്ട് പാലസ്' ഒന്നു് ഓടിനടന്നു കണ്ടു. ചരിത്രപ്രാധാന്യമർഹിക്കുന്ന പല സംഭവങ്ങളും ഇവിടെ ചിത്രത്തിൽ പകർത്തി വച്ചിട്ടുണ്ട്. "ശ്രീരംഗപട്ടണത്തിൻെറ പതനം—1799 മെയ് 14" എന്നെഴുതിവച്ചിട്ടുള്ള ബോർഡ് എന്നെ ഒരു നിമിഷം അവിടെ പിടിച്ചുനിറുത്തി. ടിപ്പുവിൻെറ വേനല്ക്കാലവസതിയും കണ്ടു. ചുമരുകളിലെല്ലാം മനോഹരചിത്രങ്ങൾ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ഞാൻ ചെറിയ ക്ലാസ്സുകളിൽ പഠിച്ചിരുന്നപ്പോൾ ഇന്ത്യ ഭരിച്ചിരുന്നതു് ബ്രിട്ടീഷുകാരായിരുന്നു. അന്നത്തെ ചരിത്രപുസ്തകങ്ങളിൽ ടിപ്പുവിനെ ഒരു നിന്ദ്യനായിട്ടാണു ചിത്രീകരിച്ചിരുന്നതു്. ഭാരതം സ്വാതന്ത്ര്യമായതിനുശേഷമാണ് ടിപ്പുവിൻെറ മാഹാത്മ്യം ഭാരതീയർ മനസ്സിലാക്കുവാൻ തുടങ്ങിയതു്. സമയമായി. തലകുനിച്ചുകൊണ്ടു ഞങ്ങൾ ശ്രീരംഗപട്ടണത്തോടു വിടവാങ്ങി.

മണി രണ്ടായി. 'കൊട്ടാരങ്ങളുടെ നഗരി' എന്നു പറയപ്പെടുന്ന മൈസൂർനഗരത്തിലേക്കു ഞങ്ങൾ പ്രവേശിച്ചു. സെൻറ് ഫിലോമിനാ കത്തീഡ്രൽ കോമ്പൗണ്ടിലുള്ള സ്കൂളിൽ താമസിക്കാനുള്ള ഏർപ്പാടുകളെല്ലാം ചെയ്തു.

സുപ്രസിദ്ധമായ മൈസൂർ സാൻറൽവുഡ് ഫാക്ടറി കാണുവാനാണ് പിന്നീടു ഞങ്ങൾ പോയതു്. ചന്ദനത്തിൻെറ സുഗന്ധം കലർന്ന മന്ദാനിലൻ ഞങ്ങളെ സ്വീകരിച്ചു. വിറകുകൊള്ളിപോലുള്ള ചന്ദനക്കഷണങ്ങൾ യന്ത്രത്തിലേക്ക് ഇട്ടുകൊടുക്കും. അവിടെ അതു കിടന്നു ഞെരിഞ്ഞമർന്നു തരിപ്പണമാകും. പിന്നീടു പല യന്ത്രങ്ങളിൽക്കൂടി കടന്നുപോയി അവസാനം ഇന്ത്യയ്ക്കു ഡോളർ സമ്പാദിച്ചുതരുന്ന ചന്ദനതൈലം ഒരു കുഴലിൽക്കൂടി പുറത്തു വരും. ഒരു ഗൈഡ് എല്ലാം കാണിച്ചു വിവരിച്ചുതന്നു.

പിന്നീടു ഞങ്ങൾ ചെറുസംഘങ്ങളായി പിരിഞ്ഞു പട്ടണം കാണുവാൻ പുറപ്പെട്ടു. ദക്ഷിണേന്ത്യയിലെ പ്രസിദ്ധങ്ങളായ കൊട്ടാരങ്ങളിൽ ഒന്നാണ് 'ജഗൻമോഹൻ പാലസ്'. പാലസിൻെറ അകത്തു പ്രവേശിക്കുവാൻ പ്രത്യേകാനുവാദം വേണം. കൊട്ടാരവാതില്ക്കൽ തോക്കു ധരിച്ച പോലീസുകാർ നില്പുണ്ട്. തൊട്ടടുത്തുതന്നെ ദേവാലയങ്ങൾ ഉണ്ടു്. അനവധി ഭക്തജനങ്ങൾ അവിടെ വന്നു് ഈശ്വരപൂജ നടത്തുന്നു.

ഞങ്ങൾക്കു പാലസ് ഗ്രൗണ്ടിൽ പ്രവേശിക്കണം. പുറത്തു നിന്നെങ്കിലും ആ മോഹനശില്പത്തിൻെറ മനോഹാരിത ആസ്വദിക്കാമല്ലോ. പ്രധാന ഗേററിന്റെ തൊട്ടടുത്തായി ഒരു ചെറിയ ഗേറ്റുണ്ട്. ചിലർ അതിലേ കടന്നുപോകുന്നുമുണ്ട്. ഞങ്ങളും അതിൽക്കൂടി കടന്നു. പക്ഷേ, പോലീസുകാർ ഞങ്ങളെ തടഞ്ഞു. അവക്കു മനസ്സിലായി, ഞങ്ങൾ അന്നാട്ടുകാരല്ലെന്ന്. കാമ്പൗണ്ടിൽ കടക്കുന്നതിനും പാലസ് കാണുന്നതിനും അനുവാദം വേണമെന്ന് അവർ പറഞ്ഞു. ഞങ്ങൾ പിൻവാങ്ങി. ഞങ്ങളുടെ സംസാരം ശ്രദ്ധിച്ചുകൊണ്ട് ഒരു മലയാളി അവിടെ നില്പുണ്ടായിരുന്നു. അയാൾ ഞങ്ങളെ സമീപിച്ച്, പോലീസുകാർക്ക് എന്തെങ്കിലും കൊടുത്താൽ കാര്യം സാധിച്ചുകിട്ടുമെന്നു പറഞ്ഞു.

"എന്തു കൊടുക്കേണ്ടിവരും?" ഞങ്ങൾ ചോദിച്ചു.

"അവർ അഞ്ചുരൂപ ചോദിക്കും. ഒരു രൂപയിൽ കൂടുതൽ കൊടുക്കേണ്ട. കുറച്ചു പിശകിയാലും അവസാനം രൂപ വാങ്ങിച്ചു കാര്യം നടത്തിത്തരും." മലയാളിയുവാവ് ഞങ്ങളുടെ സ്വന്തം ആളായി ചമഞ്ഞിരിക്കുകയാണ്. അപ്പോഴേക്കും മാന്യനായ ഒരു മനുഷ്യൻ അവിടെ വന്നു. ഞങ്ങൾ അദ്ദേഹത്തോടു കാര്യമെല്ലാം പറഞ്ഞു. ചെറിയ ഗേററിൽക്കൂടി ആർക്കും പ്രവേശിക്കാമെന്നും കൊട്ടാരത്തിനുള്ളിൽ കടക്കാൻ അനുവാദം വേണമെന്നും, പോലീസുകാർക്ക് ഒരു പൈസപോലും കൊടുക്കേണ്ടതില്ലെന്നും ആ മനുഷ്യൻ പറഞ്ഞു. അദ്ദേഹം മറെറാരു വഴി കാണിച്ചുതന്നു. അതിലേ പോയാൽ കാമ്പൗണ്ടിൽ പ്രവേശിക്കാം. നേരത്തേ ഞങ്ങളോടു സംസാരിച്ച മലയാളിയുവാവ് പോലീസുകാരുടെ ഏജൻറാണത്രെ.

പാലസിൻെറ ചുററിലും സുന്ദരസൂനങ്ങൾ പുഞ്ചിരിയിട്ടുനില്ക്കുന്നു. കൊട്ടാരം ഏതാനും വാര അകലെ നിന്നു നോക്കിക്കണ്ടു. അകത്തും തോക്കു ധരിച്ച പോലീസുകാരുണ്ട്. അധികം അടുത്തു ചെല്ലുവാൻ അവർ അനുവദിച്ചില്ല. പുറമേനിന്നുള്ള കാഴ്ചതന്നെ വളരെ മനോഹരമാണ്.

പ്രധാന തെരുവുകളിൽക്കൂടി കുറെനേരം നടന്നു. വ്യാപാരശാലകളിലെല്ലാം നല്ല തിരക്കാണ്. യുവതികളും യുവാക്കളുമെല്ലാം ഷോപ്പിംഗിന് ഇറങ്ങിയിരിക്കുന്നു.

ഞങ്ങളെല്ലാം ഒരുവിധം ക്ഷീണിച്ചു. താമസസ്ഥലത്തേക്കു



വൃന്ദാവനം

മടങ്ങുകയാണ്. സെൻറ് ഫിലോമിനാദേവാലയത്തിൻെറ നിർമ്മാണത്തിൽ ലാളിത്യവും കലാവിരുതും ഒത്തിണങ്ങിയിരിക്കുന്നു. വലിയ ചിത്രപ്പണികളോ നിറപ്പകിട്ടോ ഇല്ല. ഭക്തിസംവർദ്ധകങ്ങളായ രൂപങ്ങളുണ്ട്. ഫിലോമിനായുടെ മരണാവസ്ഥയിലുള്ള ഒരു രൂപം സ്ഫടികനിർമ്മിതമായ ഒരു പേടകത്തിലാക്കി അടിപ്പള്ളിയിൽ സൂക്ഷിച്ചിരിക്കുന്നു.

വാടകയ്ക്കെടുത്ത മുറികൾ ഞങ്ങൾക്ക് എല്ലാവർക്കും കിടക്കുവാൻ സൗകര്യമുള്ളതായിരുന്നില്ല. എങ്കിലും ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാമല്ലോ.

5

മൈസൂർ

സെപ്റ്റംബർ 14

ഞങ്ങൾ താമസിച്ചിരുന്ന സ്കൂൾമുറിയുടെ അടുത്ത മുറിയിൽ അന്നു രാത്രി ഒരുകൂട്ടർ വന്നു താമസമാക്കിയിരുന്നു. പ്രഭാതത്തിൽ എഴുന്നേററപ്പോൾ മാത്രമേ ഞങ്ങളിതറിഞ്ഞുള്ളു. അവർ മദ്രാസിൽനിന്നു വന്നവരാണ്. ഏതാനും അദ്ധ്യാപകരും വിദ്യാർത്ഥികളും. ഞാൻ ആ അദ്ധ്യാപകരുമായി കുറച്ചുനേരം സംസാരിച്ചു. വിദ്യാർത്ഥികളുടെ അച്ചടക്കം എന്നെ വളരെ ആകർഷിച്ചു. അവരും വിനോദയാത്രയ്ക്കു് ഇറങ്ങിയവരാണ്. മററുള്ളവർക്കു തികച്ചും മാതൃകായോഗ്യരാണ് ആ വിദ്യാർത്ഥികൾ.

ഞങ്ങളുടെ യാത്ര ആരംഭിച്ചു. ചാമുണ്ഡേശ്വരിക്ഷേത്രം സ്ഥിതിചെയ്യുന്ന ചാമുണ്ഡിമല കാണുവാനാണു പോകുന്നതു്. ഈ മലയ്ക്കു് 3489 അടി ഉയരമുണ്ട്. കൊട്ടംപാറകൾ നിറഞ്ഞതാണ് മല. റോഡു വളഞ്ഞുവളഞ്ഞു പോകുന്നു. റോഡിൻെറ ഒരു ഭാഗം അത്യഗാധമായ കുണ്ടും മറുഭാഗം വലിയ കുന്നുമാണ്. ബസ്സ് വലിഞ്ഞുവലിഞ്ഞു കയറുകയാണ്. ഡ്രൈവർ ദത്തശ്രദ്ധനായിട്ടാണു വണ്ടി ഓടിക്കുന്നതു്. അല്പം പിശകുപററിയാൽ മതി, ഞങ്ങളുടെ ജീവൻ ആ മലയിടുക്കിൽ അവസാനിക്കും.

പകുതിയിലധികം വഴി കയറിക്കഴിഞ്ഞു ബസ്സിലിരുന്നു ഞാൻ ചുററുപാടും ഒന്നു നോക്കി. പട്ടുനാട നീട്ടിയിട്ടിരിക്കുന്നതുപോലെ റോഡു നീണ്ടുനീണ്ടു പോകുന്നു. അടിയിൽ ചതുരക്കള്ളി വരച്ചതുപോലെ അതിർവരമ്പുകൾ ഇട്ടിട്ടുള്ള കൊച്ചുകൊച്ചു ഭവന

ങ്ങൾ നിരനിരയായി നില്ക്കുന്നു. വരിവരിയായി വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചിരിക്കുന്നതു സുന്ദരമായ മറെറാരു കാഴ്ചയാണ്.

ഞങ്ങൾ മലയുടെ മുകളിലെത്തി. ഒരു കൈയിൽ വാളും മറുകൈയിൽ സർപ്പവുമായി രൗദ്രരൂപംപൂണ്ടു നില്ക്കുന്ന മഹിഷാസുരപ്രതിമ എന്നെ അല്പമൊന്നു ഭയപ്പെടുത്തി. ചാമുണ്ഡേശ്വരി മഹിഷാസുരനെ മർദ്ദിച്ച മഹിഷമണ്ഡലമാണ് മൈസൂർ എന്ന് ഒരു ഐതിഹ്യമുണ്ട്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും ആയിരക്കണക്കിനു ജനങ്ങൾ വന്നെത്തുന്ന, മൈസൂറിലെ ഏററവും വലിയ ദേശീയോത്സവമായ ദസറായിലെ പ്രധാന ആരാദ്ധ്യദേവത ചാമുണ്ഡേശ്വരിതന്നെയാണ്. ഹോയ്സലരാജാക്കന്മാരുടെ പരദേവതയും ഈ ദേവിതന്നെ.

പലരും ക്ഷേത്രദർശനംനടത്തി. പിച്ചളകൊണ്ടു നിർമ്മിച്ച മൂന്നു കവാടങ്ങൾ കടന്ന് ദേവീസന്നിധിയിൽ എത്തുന്നു. സിംഹത്തിൻെറ പുറത്തിരിക്കുന്നതും ഇരുപതു തലയുള്ളതും സ്വർണ്ണനിർമ്മിതവുമായ ദേവിയാണ് ഇവിടുത്തെ പ്രതിഷ്ഠ. നിരവധി ഭക്തജനങ്ങൾ ദേവീദർശനത്തിനായി അവിടെ തടിച്ചുകൂടിയിട്ടുണ്ട്.

ക്ഷേത്രനിർമ്മിതിയിലുള്ള കലാവൈശിഷ്ട്യം ആരേയും ആകർഷിക്കും. ഓരോ ഇഞ്ചു സ്ഥലത്തും കലയുടെ കൈവിരുതു കാണാം.

പ്രധാനക്ഷേത്രത്തിനു ചുററിലുമായി മററു പല പ്രതിഷ്ഠകളും ഉണ്ട്. മഹാബലേശ്വരപ്രതിഷ്ഠ, ലക്ഷ്മീനാരായണപ്രതിഷ്ഠ— അങ്ങനെ പലതും. ഒററപ്പാറയിലുള്ള ഒരു ഗുഹ കണ്ടു. 'സ്വാമി മാധവാനന്ദയോഗി' എന്ന് എഴുതിവച്ചിട്ടുണ്ട്. ഉയരംകുറഞ്ഞ ഞാൻ വളരെ കഷ്ടപ്പെട്ട് അതിനകത്തു കയറി. മടക്കത്തിൽ ശിവവാഹനമായ നന്ദിയെ കണ്ടു. ഇരുപത്തഞ്ചടി ഉടൽനീളവും പതിനാറടി ഉയരവുമായി ഒററക്കല്ലിൽ നിർമ്മിച്ചിരിക്കുന്ന ഒരു പടുകൂററൻ മൂരിക്കുട്ടൻ തല ഉയർത്തിപ്പിടിച്ചുകൊണ്ട് അങ്ങനെ കിടക്കുന്നു. ഭക്തജനങ്ങൾ അവിടേയും അർച്ചന നടത്തുന്നുണ്ട്.

'ലളിത മഹൽ' കാണുവാനാണ് പിന്നെ പോയതു്. കൃഷ്ണരാജവാഡിയാർ ബഹദ്ദൂറാണ് ഈ പാലസ് പണിയിച്ചതു്. 1921-ൽ പണി പൂർത്തീകരിച്ച ഈ കൊട്ടാരം തികച്ചും പടിഞ്ഞാറൻ ശൈലിയിലുള്ളതാണ്. ഇററാലിയൻ വെണ്ണക്കല്ലാണ് ഇതിൻെറ നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നതു്. വൈദ്യുതീകരിച്ചിരിക്കുന്നതു ജർമ്മൻകാരും. കമനീയതയുടെ കളി

1202



സയൻസ് ഇൻസ്റ്റിററ്യൂട്ട്

ത്തൊട്ടിലായ ഈ മോഹനമന്ദിരം ഇന്നു് വി. ഐ. പി. ഗസ്റ്റ് ഹൗസായി ഉപയോഗിക്കുന്നു.

അടുത്ത പരിപാടി പ്രസിദ്ധമായ മൈസൂർ മൃഗശാല കാണലാണു്. വിസ്തൃതമായ ഒരു ഭൂപ്രദേശം ഉൾക്കൊള്ളുന്നതാണു് ഈ മൃഗശാല. പുതുമയേറിയ പലതരം പക്ഷികൾ ഇവിടെയുണ്ടു്. അതുപോലെതന്നെ ചിത്രത്തിൽ മാത്രം കണ്ടിട്ടുള്ള പല വിദേശ മൃഗങ്ങളേയും ഇവിടെ വളർത്തുന്നുണ്ടു്.

ഉച്ചതിരിഞ്ഞു ഞങ്ങൾ ജയരാമചന്ദ്ര ആർട്ട് ഗാലറി സന്ദർശിച്ചു. സന്ദർശകരെ പിടിച്ചുനിറുത്തുന്ന അമൂല്യങ്ങളായ നിരവധി കലാരൂപങ്ങൾ ഇവിടെയുണ്ടു്. എസ്. എച്ച്. ഹാൽഡിങ്കർ രചിച്ചിട്ടുള്ള ഗ്ലോ ഓഫ് ഹോപ് എന്ന ചിത്രം സുപ്രസിദ്ധമാണു്. ഒരു ഗ്രാമീണകന്യക ഒരു കൈയിൽ ഒരു വിളക്കു പിടിച്ചു നില്ക്കുന്നതാണു ചിത്രം. മറുകൈകൊണ്ടു വിളക്കു കെട്ടുപോകാതിരിക്കുന്നതിനുവേണ്ടി മറപിടിച്ചിട്ടുണ്ടു്. വിരലുകളുടെ ഇടയിൽക്കൂടി പ്രകാശനാളം പുറത്തേക്കു കാണപ്പെടുന്നു. അത്ഭുതകരമായ ഒരു ചിത്രംതന്നെ.

രാജാ രവിവർമ്മയുടെ ചിത്രങ്ങൾക്കു് ഒരു പ്രത്യേകഗാലറിയുണ്ടു്. ആരാണു് ഈ രാജാ രവിവർമ്മ? കേരളീയർക്കു തികച്ചും അഭിമാനംകൊള്ളാവുന്ന ഒരു കേരളീയനാണു് ലോകപ്രസിദ്ധനായ ഈ അനുഗൃഹീതചിത്രകാരൻ. അദ്ദേഹം ചിത്രകാരന്മാരുടെ രാജാവും രാജാക്കന്മാരുടെ ഇടയിലെ ചിത്രകാരനുമാണു്. ലോകത്തിന്റെ നാനാഭാഗങ്ങളിലും രവിവർമ്മചിത്രങ്ങൾ കാണികളുടെ കണ്ണും കരളും കുളിർപ്പിച്ചുകൊണ്ടു് ഇന്നും സ്ഥിതിചെയ്യുന്നു. കാളിദാസജയന്തി പ്രമാണിച്ചു് ഇന്ത്യാഗവർമ്മേണ്ടു് പ്രസിദ്ധംചെയ്ത രണ്ടു തപാൽസ്റ്റാമ്പുകളിൽ ഒന്നിൽ മുദ്രണംചെയ്തിരുന്നതു് ശകുന്തള ദുഷ്യന്തമഹാരാജാവിനു പ്രേമലേഖനമെഴുതുന്നതിന്റെ ആലേഖ്യമായിരുന്നു. രാജാ രവിവർമ്മയുടെ മോഹനകൃതികളിൽ ഒന്നാണിതു്. പ്രസ്തുത ചിത്രം ഈ ഗാലറിയിൽ സ്ഥാപിച്ചിട്ടുണ്ടു്. ഇതു കൂടാതെ മററു പതിനഞ്ചു ചിത്രങ്ങളുമുണ്ടു്.

മണി നാലു കഴിഞ്ഞു. ലോകപ്രസിദ്ധമായ 'മൈസൂർ ബ്രന്ദാവൻ' സന്ദർശനമാണു് അടുത്ത പരിപാടി. ഞങ്ങൾക്കെല്ലാവർക്കും അത്യധികമായ ഉത്സാഹവും ഉണർവ്വും. ബ്രന്ദാവന്റെ മാഹാത്മ്യത്തേയും മനോഹാരിതയേയുംപററി കേട്ടിട്ടേയുള്ളു. അതു നേരിൽ കണ്ടു് ആസ്വദിക്കുവാൻ പോവുകയാണു്. 'വൃന്ദാവനം' എന്നാണു്

മലയാളത്തിൽ എഴുതിക്കണ്ടിരിക്കുന്നതു്. പക്ഷേ, ഇവിടെ എഴുതിവച്ചിരിക്കുന്നതു് 'ബ്രുന്ദാവൻ' എന്നാണു്.

ലോകത്തിലെ ഏററവും വലിയ കൃത്രിമജലാശയങ്ങളിൽ രണ്ടാം സ്ഥാനം കൃഷ്ണരാജസാഗറിനുണ്ടു്. കാവേരിനദിയെ ഒന്നേമുക്കാൽ നാഴിക നീളമുള്ള കരിങ്കൽമതിൽകൊണ്ടു തടഞ്ഞുനിറുത്തിയിരിക്കുന്നു. അമ്പതു ചതുരശ്രമൈലിൽ ശരാശരി നൂറടി ആഴത്തിൽ വെള്ളം കെട്ടിനില്ക്കുകയാണു്. കാവേരി, ഹേമാവതി, ലക്ഷ്മണതീർത്ഥം എന്നീ നദികൾ കൂടിച്ചേരുന്നിടത്തുനിന്നു് അല്പം താഴെയായി കെട്ടിയിരിക്കുന്ന ഈ അണ മൈസൂറിൻെറയും മാൺഡ്യയുടെയും മുഴുവൻ അഭിവൃദ്ധിക്കും നിദാനമായി നിലകൊള്ളുന്നു.

ഈ അണയുടെ തിണ്ണയിലാണു് അഴകുകൾ കോർത്തിണങ്ങിനില്ക്കുന്ന ബ്രുന്ദാവൻ. അരുണനിറംപൂണ്ട പടിഞ്ഞാറെ ചക്രവാളം ബ്രുന്ദാവൻെറ ആഹാര്യശോഭ ഒന്നുകൂടി വർദ്ധിപ്പിച്ചു. കീഴ്പ്പോട്ടു് ഇറങ്ങിക്കൊണ്ടിരിക്കുന്ന പല പതനങ്ങളായിട്ടാണു് ഈ ഉദ്യാനത്തിന്റെ സംവിധാനം. ഒരു പതനത്തിൽനിന്നു് അടുത്തതിലേക്കു വെള്ളിമുത്തുകളും പവിഴക്കല്ലുകളും ഉരുട്ടിയുരുട്ടി വിടുന്നതുപോലെ നിറപ്പകിട്ടേറിയ ജലകണങ്ങൾ തുള്ളിക്കളിച്ചു് ഓടിപ്പാഞ്ഞുപോകുന്നു. അതോടൊപ്പം വെട്ടിയൊതുക്കിയിട്ടുള്ള മൈലാഞ്ചിമതിലുകൊണ്ടു കരയിട്ടിട്ടുള്ള നടപ്പാതയിലൂടെ ശതക്കണക്കിനു് ആളുകൾ തിക്കിത്തിരക്കി ഒഴുകിയിറങ്ങുന്നു. പുഷ്പങ്ങളേക്കാൾ ചിത്രശലഭങ്ങളുള്ള ഈ സുന്ദരസുരഭിലമലർക്കാവിൻെറ പകിട്ടു മുഴുവൻ ജലധാരകളേയും നീർച്ചാട്ടങ്ങളേയും ആശ്രയിച്ചിരിക്കുന്നു. അഭിമുഖമായി നില്ക്കുന്ന ഫൗണ്ടനുകൾ, എതിരായി നില്ക്കുന്ന ഫൗണ്ടനുകൾ, നിവർത്തിയ കുടപോലുള്ള ഫൗണ്ടനുകൾ—ഈ ജലധാരകൾക്കിടയിൽ ഒളിച്ചിരിക്കുന്ന വൈദ്യുതവിളക്കുകൾ തെളിയുമ്പോൾ അവിടം വർണ്ണങ്ങളുടെ ഒരു മായാലോകമായി മാറും. അതിൻെറ മനോഹാരിത തികച്ചും ആസ്വദിക്കണമെങ്കിൽ ഡാമിൻെറ മുകളിൽ കയറി നോക്കണം.

അക്ഷമാലയും താമരമൊട്ടും ജലകുംഭവും പേറി ഭക്തജനങ്ങൾക്കു ജലം പകൎന്നുകൊടുത്തുകൊണ്ടു നില്ക്കുന്ന കാവേരിയമ്മയുടെ ഇരുപാർശ്വങ്ങളിലുമായി കെട്ടിയിരിക്കുന്ന കൽപ്പടവുകളിൽക്കൂടി ഞങ്ങൾ ഡാമിൻെറ മുകളിൽ കയറി. ആടുന്ന മയിലും ഓടുന്ന പാമ്പും ഇവിടെയുണ്ടു്; നൃത്തംവെക്കുന്ന സുന്ദരിയും ഓടക്കുഴൽ

ഊതുന്ന ശ്രീകൃഷ്ണനും ഇവിടെയുണ്ട്; വിടരുന്ന താമരപ്പൂവും കത്തി അവസാനിക്കാത്ത പൂത്തിരിയും ഇവിടെയുണ്ട്. എന്തിനധികം! അത്ഭുതലോകം!

രണ്ടു മഹോന്നതവ്യക്തികളുടെ ചിത്രത്തിൻെറ മുമ്പിൽ നമ്രശിരസ്കനായി ഏതാനും നിമിഷം ഞാൻ കഴിച്ചുകൂട്ടി—ഡോക്ടർ എം. വിശേശ്വരയ്യാ, കൃഷ്ണരാജവാഡിയാർ മഹാരാജാവ്. മൈസൂറിൻെറ മുഖചിത്രംതന്നെ മാററിയെഴുതിയ രണ്ടു പൂജ്യപുരുഷരാണിവർ.

മടങ്ങേണ്ട സമയമായി. ആക്കമാക്കും തൃപ്തിവന്നിട്ടില്ല. മനസ്സില്ലാമനസ്സോടെ കാലുകൾ മുന്നോട്ടു നീങ്ങി. ബസ്സിലിരുന്നു കൊണ്ടു ഞാൻ ഒന്നുകൂടി നോക്കി. ബസ്സ് പരക്കംപാഞ്ഞോടുകയാണ്. അതിന് അല്പം സാവധാനം ഓടിക്കൂടേ? പറ്റില്ല. സമയക്ലിപ്തിയുണ്ട്. പടി അടയ്ക്കും. പിന്നെ പുറത്തു കടക്കുവാൻ പ്രയാസമാണ്. എൻെറ മനസ്സിൽ ഇതൊന്നും കയറുകയില്ല. എൻെറ ഹൃദയം അപ്പോഴും ബ്രന്ദാവനത്തിൽത്തന്നെയാണ്. ഒരു സമാധാനമുണ്ട്. കുട്ടി നമ്മുടെ സംസ്ഥാനത്തിലെ മലമ്പുഴയെപ്പററി കേട്ടിട്ടുണ്ടല്ലോ. മലമ്പുഴ മറെറാരു ബ്രന്ദാവനമാക്കുവാനാണ് അധികാരികളുടെ ശ്രമം. അപ്പോൾ ബ്രന്ദാവൻ കാണുന്നതിനു പകരം മലമ്പുഴ കണ്ടാലും മതിയാകും.

## 6

തൃശ്ശൂർ
സെപ്റ്റംബർ 16

എൻെറ വിനോദയാത്ര സംബന്ധിച്ച അവസാനത്തെ കത്താണിത്. ഇതിനിടയ്ക്ക് ഒരു ദിവസം വിട്ടുപോയിട്ടുണ്ട്—പതിനഞ്ചാംതീയതി. അന്നു രാത്രി മുഴവനും ഞങ്ങൾ വണ്ടിയിൽത്തന്നെയാണു കഴിച്ചുകൂട്ടിയതു്. കത്തെഴുതുവാൻ തീരെ സൗകര്യം ലഭിച്ചില്ല.

പതിനഞ്ചാംതീയതി പ്രഭാതത്തിൽത്തന്നെ ഞങ്ങൾ മനോഹരമായ മൈസൂറിനോടു യാത്ര പറഞ്ഞു. ബസ്സ് അതിവേഗം പായുകയാണ്. ഊട്ടിയാണു ലക്ഷ്യം. ഒരു സ്ഥലത്തു വിസ്തൃതമായി പുകയില കൃഷിചെയ്തിരിക്കുന്നതു കണ്ടു. ഞാൻ ആദ്യമായാണ് ഇത്രയും വിസ്തൃതമായ ഭൂപ്രദേശത്തു പുകയില കൃഷി ചെയ്തു കാണുന്നതു്. മാവിൻതോപ്പുകൾ നീണ്ടുനീണ്ടു കിടക്കുന്നു.

ഗോമതേശ്വർ



വഴിയുടെ ഇരുപാർശ്വങ്ങളിലുമുള്ള വൻവൃക്ഷങ്ങൾ പാന്ഥർക്കു തണൽ നൽകിക്കൊണ്ടു നില്ക്കുന്നു.

ഏതാണ്ട് എട്ടുമണിയോടുകൂടി ഞങ്ങൾ ഗുണ്ടൽപേട്ട് എത്തി. നീലഗിരിമലകൾ അങ്ങകലെ അല്പാല്പമായി കണ്ടുതുടങ്ങി. ചെറു മരങ്ങൾ നില്ക്കുന്ന കൊച്ചുകൊച്ചു കുന്നുകൾ പലതും കടന്നുപോന്നു. കുഞ്ഞിപ്പാമ്പു വളഞ്ഞു പുളഞ്ഞു പോകുന്നതുപോലെയാണ് വഴി പോകുന്നതു്. ഇരുവശത്തും വിവിധ വർണ്ണത്തിലുള്ള മനോഹര പുഷ്പങ്ങൾ വികസിച്ചു നില്ക്കുന്നു. ഏതു തോട്ടക്കാരനാണ് അവ വച്ചുപിടിപ്പിച്ചിരിക്കുന്നതു്?

ബസ്സ് ഗൗഡർ ബ്രിഡ്ജിൽ എത്തി. ഞങ്ങൾ മൈസൂർ സ്റ്റേററിൽനിന്നു മദ്രാസ്സ്റ്റേററിലേക്കു കടക്കുകയാണ്. അതിർത്തി ഒരു പുഴയാണ്. ഇവിടെനിന്ന് ഊട്ടിയിലേക്കു നാല്പത്തിയഞ്ചു മൈൽ ദൂരമുണ്ടു്.

വൃന്ദാവനത്തിൽനിന്നു മടങ്ങിവന്നതോടെ ഞങ്ങളുടെ ഉണർവ്വും ഉത്സാഹവും അല്പമൊന്നു കെട്ടടങ്ങിയിരുന്നു. അതു വീണ്ടും സടകുടഞ്ഞുണർന്നെഴുന്നേററു. പാട്ടും തോററവും കൂത്തും ആട്ടവുമെല്ലാം തുടങ്ങി.

പത്തുമണിയോടുകൂടി ഗൂഡല്ലൂരെത്തി. അവിടെനിന്നങ്ങോട്ടു കുമ്പൻകൊട്ടമുടികൾ വളഞ്ഞു കയറണം. പുതുപുഞ്ചിരിതൂകി തുള്ളിക്കളിച്ച് ഇക്കിളിയിളക്കിക്കൊണ്ടു പതഞ്ഞൊഴുകിവരുന്ന കൊച്ചരുവികൾ ഇടയ്ക്കിടയ്ക്കു ഞങ്ങൾക്കു സ്വാഗതമോതുവാൻ വന്നിരുന്നു. മുകളിലേക്കുള്ള കയററം കുറച്ചു കട്ടിയാണ്. ബസ്സ് ഇടയ്ക്കിടയ്ക്കു നിറുത്തേണ്ടിവന്നു. പുല്ലു മേഞ്ഞ കൂരകളാണ് എങ്ങും കാണപ്പെടുന്നതു്. തോട്ടംതൊഴിലാളികളുടെ വസതികളാണത്രെ അവ. നിരവധി മലയാളികളും തമിഴരും ഇവിടെ ജോലിക്കാരായുണ്ടു്.

കൊക്കോച്ചെടി സമൃദ്ധിയായി വച്ചുപിടിപ്പിച്ചിരിക്കുന്നു. റോയൽവാലി എസ്റ്റേററിൽക്കൂടി കടന്നുപോയപ്പോൾ പൈക്കാറ ഡാമിന്റെ ഒരു വാല്വ കണ്ടു. ഇന്ദുനഗറിൽ പൊട്ടറ്റോ, കാബേജ്, മുന്തിരി, ബീററ്റൂട്ട് എന്നിവ സമൃദ്ധിയായി കൃഷിചെയ്തിരിക്കുന്നതു ബസ്സിലിരുന്നാൽ കാണാം. അതു കഴിഞ്ഞാൽ ഊട്ടിമലകളായി. ഊട്ടിമലയിൽ ഏററവും ഉയരംകൂടിയ ശിഖരത്തിന് 8600 അടി ഉയരമുണ്ടു്.

രണ്ടുമണിയോടുകൂടി ഊട്ടിയിൽ എത്തി. ഊണു കഴിഞ്ഞു് സുപ്രസിദ്ധമായ ബോട്ടാനിക്കൽ ഗാർഡൻ കാണുവാനാണു് പോയതു്. 1848-ലാണു് ഇതു നിർമ്മിച്ചതു്. 55 ഏക്കറോളം വിസ്തീർണ്ണമുണ്ടു്. പൂക്കൾകൊണ്ടുതന്നെ പലതും എഴുതിവച്ചിരിക്കുന്നു. ചില്ലുകൊണ്ടുള്ള മേൽക്കൂരയോടുകൂടിയ ഒരു കൊച്ചു കെട്ടിടമുണ്ടു്. അതിനകത്തു് വിശിഷ്ടങ്ങളായ പല അപൂർവ്വചെടികളും ഉണ്ടു്. സസ്യശാസ്ത്രവിദ്യാർത്ഥികൾക്കു പ്രത്യേക താൽപര്യമുള്ള ഒന്നാണു് ഈ ഗാർഡൻ. വളഞ്ഞു വളഞ്ഞു വട്ടമിട്ടു പോകുന്ന നടപ്പാത, വെട്ടിയൊതുക്കിയിട്ടുള്ള മൈലാഞ്ചിമതിൽ, താമരക്കുളങ്ങൾ, പുഞ്ചിരിപൊഴിച്ചു നില്ക്കുന്ന നിറപ്പകിട്ടേറിയ പുഷ്പങ്ങൾ— എല്ലാം മനോഹരം. നൂററാണ്ടുകൾ കണ്ടിട്ടുള്ള വൻമരങ്ങൾ തോട്ടത്തിൻെറ പിറകിൽ ഒരു പശ്ചാത്തലമായി നിലകൊള്ളുന്നു.

ഭാരതത്തിൻെറ ഭൂപടം പൂക്കൾകൊണ്ടു നിർമ്മിച്ചിരിക്കുന്നതു് അത്യാകർഷകമാണു്. ഓരോ സ്റ്റേററും ഓരോ നിറത്തിലുള്ള പൂക്കൾകൊണ്ടു പ്രത്യേകം അടയാളപ്പെടുത്തിയിരിക്കുന്നു.

മുകളിലേക്കു കയറിച്ചെന്നപ്പോൾ നീലഗിരിമലയിലെ ആദിനിവാസികളായ തോഡർ വർഗ്ഗക്കാരെ കണ്ടു. ഇവർ സസ്യാഹാരം മാത്രമേ കഴിക്കുകയുള്ളു. ബ്രാഹ്മണരുടേതുപോലുള്ള ആചാരമര്യാദകൾ ഇവരിൽ കാണുന്നു. കൂടുപോലെയുള്ള പുല്ലുമേഞ്ഞ വീടുകളിലാണു താമസം. കണ്ടാൽ വൃത്തികെട്ടവരെന്നു തോന്നും. പക്ഷേ, കാര്യത്തിലങ്ങനെയല്ല. നല്ല വെടിപ്പും വൃത്തിയുമുണ്ടു്. ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതുപോലെ ചെരിപ്പു് ഊരി പുറത്തു വച്ചിട്ടു വേണം അകത്തു കടക്കുവാൻ. ഒരു ഗൃഹത്തിൽ ഒരു മുറിയേ ഉള്ളു. അവിടെ എട്ടോ പത്തോ അംഗങ്ങൾ ഉണ്ടായിരിക്കും. ഇവർ ഇപ്പോൾ അല്പാല്പമായി വിദ്യാഭ്യാസംചെയ്തുവരുന്നു. അതിഥികളെ സൽക്കരിക്കുന്നതിൽ ഇവർ വളരെ തല്പരരാണു്.

അന്നു ഞായറാഴ്ച ആയിരുന്നതുകൊണ്ടു് അങ്ങാടി ഉറങ്ങിക്കിടന്നിരുന്നു. പ്രധാനറോഡുകളിൽ നല്ല ജനസഞ്ചാരമുണ്ടു്.

നേരം സന്ധ്യയോടടുത്തു. നല്ല ക്ഷീണം. ഏഴുദിവസം നീണ്ടുനിന്ന വിനോദയാത്ര അവസാനിക്കുകയാണു്. ബസ്സ് പരക്കംപായുന്നു. എല്ലാവരുടേയും ഉത്സാഹവും ഉണർവ്വും നഷ്ടപ്പെട്ടു. കണ്ണുകൾ താനേ അടഞ്ഞു. തല ബസ്സിൻെറ കമ്പികളിൽ താളം

പിടിച്ചു. വെളുപ്പിനു ഹോസ്റ്റലിൻെറ പടിക്കൽ ബസ്സു വന്നു നിന്നപ്പോഴാണു കണ്ണു തുറന്നതു്.

മൊത്തം 700 നാഴികയോളം സഞ്ചരിച്ച ആ വിനോദയാത്ര അങ്ങനെ അവസാനിച്ചു. ഏററവും ഉപകാരപ്രദമായ ഒരു യാത്രയായി ഞാനിതിനെ കണക്കാക്കുന്നു.



**KOTTAYAM PUBLIC LIBRARY**

JAWAHAR BAL BHAVAN & CHILDREN'S LIBRARY

KOTTAYAM.

*Cl. No.* 910 *Acc. No.* 1202

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 26 FEB 1981 | | |
| 11 APR 1981 | | |
| 27 AUG 1983 | | |
| 30 MAY 1985 | | |
| 24 APR 1986 | | |
| 13 MAR 1989 | | |
| 12 JAN 1991 | | |
| 12 JAN 1991 | | |

1202
~~32929~~
C910
ഒ.
റഷ്യായി. ടി. ഛ
ഒരുവിനോദയാത്ര
1202